## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.812      10.06.2019 -ലെ മറുപടിക്ക്**

**<u>നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ. ആൻസലൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2015-ൽ അനുവദിച്ച അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ച ചെങ്കൽ പഞ്ചായത്തിലെ അലത്തറവിളാകം, കുളത്തൂർ പഞ്ചായത്തിലെ തോണിക്കടവ് എന്നീ കോളനി നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കാമോ; | (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ നിന്നും സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരമാണ് അലത്തറവിളാകം, തോണിക്കടവ് എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുള്ളത്. തോണിക്കടവ് കോളനിയിലെ പ്രവൃത്തികൾ പൂർത്തീകരിച്ചു. അലത്തറവിളാകം കോളനിയിലെ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. |
| (ബി) | രണ്ട് കോളനികളുടെയും നവീകരണപ്രവർത്തനം നടത്തുന്നതിനുവേണ്ടിയുള്ള ഡി.പി.ആർ പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ; ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശം അറിയിക്കാമോ; | (ബി) | അലത്തറവിളാകം കോളനിയിലെ പുതിയ ബോക്സ് കൾവർട്ട്, ആർ.സി.സി സംരക്ഷണ ഭിത്തി, എർത്ത് ഫില്ലിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. റോഡ് ടാറിംഗ് & റീടാറിംഗ് പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. തോണിക്കടവ് കോളനിയിലെ റോഡ് വർക്ക്, കുഴൽ കിണർ, പ്ലംബിംഗ് റൂം, കുളിക്കടവ് എന്നീ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കോളനി നവീകരണപ്രവൃത്തി വൈകിപ്പിച്ച ഏജൻസി (എഫ്.ഐ.റ്റി.)യുടെ പേരിൽ ഏതെങ്കിലും തരത്തിൽ ഉള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏജൻസിക്ക് എത്ര തുകയാണ് ഇതുവരെ അനുവദിച്ചത് എന്നു വിശദമാക്കാമോ? | (സി) | ഏജൻസിയായ എഫ്.ഐ.റ്റി-യ്ക്ക് എതിരെ നിയമ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.<br>ഏജൻസിയ്ക്ക് അനുവദിച്ച തുകയുടെ വിവരം ഇപ്രകാരമാണ്.<br>അലത്തറവിളാകം - 65,00,000/-<br>തോണിക്കടവ് - 25,00,000/- |

സെക്ഷൻ ഓഫീസർ